പഞ്ചസാരയ്ക്ക് ആദായ നികുതി ഡിക്ളറേഷൻ വാങ്ങുന്ന നടപടി

111 (768)ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് ഉടമകൾ റേഷൻ പഞ്ചസാര വാങ്ങാൻ ആദായനികുതി നൽകുന്നതു സംബന്ധിച്ച സത്യവാങ്മൂലം നൽകണമെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ആദായ നികുതി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും റേഷൻ പഞ്ചസാര നിഷേധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) ആദായ നികുതിദായകർക്ക് 1.4.2000 മുതൽ റേഷൻ പഞ്ചസാര നൽകാൻ പാടില്ല എന്നതാണ് കേന്ദ്ര തീരുമാനം. കേരളത്തിൽ 5 ലക്ഷത്തിൽപ്പരം ആദായനികുതിദായകർ ഉണ്ടാവും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കാർഡ് ഉടമ ആദായനികുതിദായകനാണോ അല്ലയോ എന്നറിയുന്നതിന് തെളിവ് ഹാജരാക്കണമെന്ന നിബന്ധന വച്ചാൽ കാർഡുടമകൾക്ക് ബുദ്ധിമുട്ടാവും. ഈ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ, കാർഡുടമ തന്നെ റേഷൻ കടയിൽ താൻ ആദായനികുതിദായകനാണോ അല്ലയോ എന്ന് ഒരു 'ഡിക്ലറേഷൻ' നൽകിയാൽ മതി. അത് വിശ്വാസത്തിൽ എടുത്തുകൊണ്ട് റേഷൻ പഞ്ചസാര നൽകുവാൻ റേഷൻ കടയുടമയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഡുടമയ്ക്ക് ഏറ്റവും എളുപ്പമായ ഒരു സൗകര്യം ഇതുമൂലം ചെയ്തുകൊടുത്തിരിക്കുകയാണ്. അതല്ലാതെ പ്രത്യേക 'സത്യവാങ്മൂലം' നൽകേണ്ട ആവശ്യമില്ല.

എഫ്.സി.ഐ. ഗോഡൗണുകൾ പൂട്ടുന്ന നടപടി

112 (769)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഫ്.സി.ഐ ഗോഡൗണുകൾ പൂട്ടുവാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള ധാന്യ സംഭരണപുരകൾ തന്നെ ധാന്യ സംഭരണത്തിന് തികയാത്ത സാഹചര്യത്തിൽ ഉള്ള സംഭരണശാലകൾ പൂട്ടുന്നത് സംസ്ഥാനത്തിന്റെ, ഭക്ഷ്യധാന്യ മുൻകരുതലുകളെ പ്രതികൂലമായി ബാധിക്കുമെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഭക്ഷ്യ ധാന്യ സംഭരണപുരകൾ പൂട്ടാതിരിക്കുവാനും ആവശ്യത്തിന് ഗോഡൗണുകൾ പുതുതായി തുറക്കുവാനും കേന്ദ്രത്തിൽ മേൽ സമ്മർദ്ദം ചെലുത്തുമോ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly